# കടലാസ്‌പെട്ടി നിര്‍മാണ യൂണിറ്റുകള്‍ പ്രതിസന്ധിയില്‍

Posted on: 15 Mar 2010

കൊച്ചി: ക്രാഫ്റ്റ് പേപ്പറിന്റെ വിലക്കയറ്റം മൂലം കടലാസ് പെട്ടി (കൊറുഗേറ്റഡ് ബോക്‌സ്) നിര്‍മാണ യൂണിറ്റുകള്‍ അടച്ചുപൂട്ടല്‍ ഭീഷണിയില്‍. വിലക്കയറ്റം ഉത്പാദനച്ചെലവിലുണ്ടാക്കിയ വര്‍ധന 25 ശതമാനത്തിലേറെയാണ്. കൂടാതെ പേപ്പര്‍ മില്ലുകള്‍ മറ്റൊരു വില വര്‍ധനവിന് കൂടി ഒരുങ്ങുന്നുമുണ്ട്.

സ്ഥിതി കൂടുതല്‍ ഗുരുതരമാക്കിക്കൊണ്ട് സ്റ്റാര്‍ച്ച്, സ്റ്റിച്ചിങ് വയര്‍ എന്നിവയുടെ വിലയിലും തൊഴിലാളികളുടെ വേതനത്തിലും കഴിഞ്ഞ ഒരു വര്‍ഷത്തിനകം വന്‍ വര്‍ധനവാണുണ്ടായിരിക്കുന്നതെന്ന് ഇന്ത്യന്‍ കൊറുഗേറ്റഡ് കെയ്‌സ് മാനുഫാക്ചറേഴ്‌സ് അസോസിയേഷന്‍ (ഐസിസിഎംഎ) പ്രസിഡന്റ് കീര്‍ത്തി മോഡി പറഞ്ഞു. സ്റ്റാര്‍ച്ചിന്റെ വില ഇരട്ടിയായി; സ്റ്റിച്ചിങ് വയറിന്റെ വിലയിലുണ്ടായ വര്‍ധന 40 ശതമാനമാണ്.

അവശ്യ സാധനങ്ങളായ പാല്‍, പഴങ്ങള്‍, പച്ചക്കറി, തുണി, ഔഷധങ്ങള്‍ എന്നിവയെല്ലാം ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിന് കടലാസ് പെട്ടികള്‍ അനിവാര്യമാണ്. പാഴ് കടലാസുകള്‍ റീസൈക്കിള്‍ ചെയ്ത് കിട്ടുന്ന ഫൈബറില്‍ നിന്നാണ് ക്രാഫ്റ്റ് പേപ്പര്‍ നിര്‍മിക്കുന്നത്. മരത്തിന്റെ ഉപയോഗം ഒഴിവാക്കപ്പെടുന്നു എന്നതിനാല്‍ പരിസ്ഥിതി സംരക്ഷണ രംഗത്ത് മികച്ച സംഭാവനയാണ് കൊറുഗേറ്റഡ് ബോക്‌സ് നിര്‍മാതാക്കള്‍ നല്‍കി വരുന്നതെന്ന് അദ്ദേഹം അവകാശപ്പെട്ടു. മുഖ്യമായും ചെറുകിട മേഖലയില്‍ പ്രവര്‍ത്തിക്കുന്ന പാക്കേജിങ് യൂണിറ്റുകള്‍ നേരിടുന്ന പ്രതിസന്ധി വളരെ വലുതാണ്. പേപ്പര്‍ മില്ലുകള്‍ മുന്നറിയിപ്പില്ലാതെ വന്‍തോതില്‍ വില വര്‍ധിപ്പിക്കുകയും അത് ഉടനടി നടപ്പാക്കുകയും ചെയ്യുന്നതാണ് ഏറ്റവും വലിയ പ്രശ്‌നം.

ഉത്പന്നങ്ങള്ക്ക് ഉടനടി 25 ശതമാനം വില വര്ധനവെങ്കിലും അനുവദിക്കാന് ഉപയോക്താക്കളായ സ്ഥാപനങ്ങള് തയ്യാറായില്ലെങ്കില് യൂണിറ്റുകള് പൂട്ടേണ്ട സ്ഥിതിയാണെന്ന് ഹരീഷ് മദന് പറഞ്ഞു.